# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4079

## 12-11-2019 - ലെ മറുപടിക്ക്

**ആസ്തിവികസന ഫണ്ട് മുഖേനയുള്ള പ്രവർത്തികളിലെ സമയക്ലിപ്തത**

| ചോദ്യം<br><br>**ശ്രീ. കെ.ബാബു** | മറുപടി<br><br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എം.എൽ.എ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | 04.08.2018 തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 119/2018/ധന പ്രകാരമുള്ള ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നല്കേണ്ടതാണ്. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച് നല്കേണ്ടതാണ്. ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ബഹു. എം.എൽ.എമാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. |

**സെക്ഷൻ ഓഫീസർ**